# അനുബന്ധം

1. സർക്കാരിനും പൊതുസംരംഭങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ചെറുകിട - ഇടത്തരം സംരംഭങ്ങൾക്കും വ്യക്തികൾക്കും സംസ്ഥാനത്തെ മറ്റു സുപ്രധാന മേഖലകൾക്കും വേണ്ടി ആവശ്യമുള്ള വിവിധ ആപ്ലിക്കേഷനുകൾക്കായിട്ടുള്ള സാങ്കേതികവിദ്യകൾ തിരിച്ചറിയുക.

2. ശേഷി വികസനവും വർദ്ധനക്ഷമതയും മുഖേന സംസ്ഥാനത്തെ മനുഷ്യവിഭവശേഷി വികസിപ്പിക്കുക.

3. സ്വതന്ത്ര സോഫ്റ്റ് വെയർ സപ്പോർട്ടിംഗ് സിസ്റ്റങ്ങൾ വികസിപ്പിക്കുക.

4. സ്വതന്ത്ര സോഫ്റ്റ് വെയറധിഷ്ഠിതമായ വ്യവസായങ്ങൾ, സംരംഭങ്ങൾ, വെർച്വൽ മൈക്രോസംരം ഭങ്ങൾ (VMES) എന്നിവ മുഖേന പ്രാദേശിക തൊഴിലവസരങ്ങളുടെ സൃഷ്ടിക്കു പ്രചോദനം നൽകുക.

5. സ്വതന്ത്ര സോഫ്റ്റ് വെയർ വ്യാവസായിക ലക്ഷ്യസ്ഥാനമെന്ന നിലയിൽ കേരളത്തിൽ സ്ഥാനം വികസിപ്പിക്കുന്നതിനായി പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളോടും നെറ്റ് വർക്കുകളോടും കൂട്ടുചേർന്നു പ്രവർത്തിക്കുക.

6. ഇ - ഗവേണൻസ് വിദ്യാഭ്യാസം, പ്രത്യേകിച്ചും പൗരന്മാർക്കു സേവനം പ്രദാനം ചെയ്യുന്നതിനായുള്ള പ്രാദേശിക വിവരങ്ങൾ, എന്നിവപോലെയുള്ള മേഖലകളിൽ സ്വതന്ത്ര സോഫ്റ്റ് വെയറധിഷ്ഠിതമായ ഇടപെടലുകൾക്കു മാർഗ്ഗദർശനം ചെയ്യുക.

7. പ്രത്യേക ആസൂത്രണ ഉപാധികൾ, കാർഷിക - ആരോഗ്യവിവരവ്യവസ്ഥകൾ, ഭാഷാസാങ്കേതിക വിദ്യകൾ, എംബെഡഡ് സിസ്റ്റങ്ങൾ, ടെലിഫോൺപരമായവ തുടങ്ങിയ മണ്ഡലങ്ങളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക.

8. കേരളത്തിന്റെ സ്വതന്ത്ര സോഫ്റ്റ് വെയർ മുൻകൈകളെ പ്രോത്സാഹിപ്പിക്കുംവിധമുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ സംരംഭങ്ങളും സമ്മേളനങ്ങളും, പ്രത്യേകിച്ചും സ്വതന്ത്ര സോഫ്റ്റ് വെയർ സംബന്ധിച്ച ത്രൈ വാർഷിക അന്താരാഷ്ട്ര സമ്മേളനങ്ങൾ, സംഘടിപ്പിക്കുക.

9. കേരളത്തിലേക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ വ്യവസായങ്ങളെ ആകർഷിക്കുക.